രക്ഷയുടെ പാതയിൽ-6



6

# ഈശോയെ അനുഭവിച്ച ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം 13

# സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും




- “പിതാവ് സ്വന്തം അധികാരത്താൽ നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള സമയമോ കാലമോ നിങ്ങൾ അറിയേണ്ട് കാര്യമില്ല. എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും, ജറുസലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും.”



## പ്രേഷിത ദൗത്യം

- ഈശോ നിർദ്ദേശിച്ചതുപോലെ പതിനൊന്നു ശിഷ്യന്മാരും ഗലീലിയിലെ മലയിലേക്കു പോയി.
- സർവലോകത്തിനും വേണ്ടിയുള്ള രക്ഷയുടെ സുവിശേഷം ലോകത്തിന്റെ അതിർത്തികൾവരെ എത്തിക്കുവാനുള്ള ദൗത്യമാണ് ഈശോ ശിഷ്യർക്കു നൽകിയത്. പഠിപ്പിക്കുക, എന്നത് സഭയുടെ പ്രധാനദൗത്യമാണ്. സുവിശേഷത്തിൽ വിശ്വസിക്കുന്നവരെ മാമ്മോദീസവഴി ഈശോയിലേക്ക് ഉൾച്ചേർക്കുകയും ക്രിസ്തീയ വിശ്വാസത്തിന്റെ പൂർണ്ണതയിലേക്ക് അവരെ നയിക്കുകയും ചെയ്യണം. ലോകം മുഴുവൻ പാപമോചനത്തിനായുള്ള അനുതാപം പ്രസംഗിക്കപ്പെടണമെന്ന കല്പന, രക്ഷയുടെ സദ്വാർത്ത അറിയിക്കാനുള്ള നിർദ്ദേശം ഇവയാണ് ശ്ലീഹന്മാർ ഏറ്റെടുത്ത പ്രേഷിത ദൗത്യം.





## ശ്ലീഹാക്കാലം

- പന്തക്കുസ്താ തിരുനാളിലാണ് ഈ കാലം ആരംഭിക്കുന്നത്. പരിശുദ്ധാത്മാവിനാൽ പരിപൂരിതരായ ശ്ലീഹന്മാർ സുവിശേഷ സന്ദേശവുമായി ലോകമെങ്ങും പോവുകയും സഭാസമൂഹങ്ങൾക്ക് അടിസ്ഥാനമിടുകയും ചെയ്തതിനെ ഈ കാലം അനുസ്മരിഷിക്കുന്നു. ആദിമസഭയുടെ ചൈതന്യം, സഭയുടെ പ്രേഷിത സ്വഭാവം എന്നിവയാണ് ശ്ലീഹാക്കാലത്ത് നാം അനുസ്മരിക്കുന്ന പ്രധാന രഹസ്യങ്ങൾ.
- ശ്ലീഹാക്കാലത്തെ ഒന്നാം വെള്ളി സ്വർണ്ണവെള്ളി എന്ന പേരിലാണ് അറിയപ്പെടുന്നത്.( അപ്പ:3:6)



# പന്തക്കുസ്താത്തിരുനാൾ

സ്വർഗാരോഹണത്തിനു ശേഷം പത്താം ദിവസം പരിശുദ്ധാത്മാവ് അപ്പസ്തോലന്മാരുടെമേൽ തീനാവുകളുടെ രൂപത്തിൽ എഴുന്നള്ളിവന്ന സംഭവമാണ് ഈ തിരുനാളിന് അടിസ്ഥാനം. സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടതും അന്നാണ്. സഭയിൽ വസിക്കാനും സഭയെ നയിക്കാനുമായി പരിശുദ്ധാത്മാവിനെ അയച്ചതിന്റെ അനുസ്മരണം പന്തക്കുസ്തായിലുണ്ട്.



# ലോകാതിർത്തികൾവരെയും

- പന്തക്കുസ്താതിരുനാളിൽ പരിശുദ്ധാത്മാവിനെ അനുഭവിച്ചറിഞ്ഞ ശിഷ്യന്മാർ സുവിശേഷപ്രഘോഷണത്തിനായി യാത്രയായി. മാർതോമ്മാശ്ലീഹാ ഈശോയുടെ സുവിശേഷവുമായി ഭാരതത്തിലേയ്ക്ക് വന്നതുപോലെ മറ്റു ശിഷ്യന്മാർ ലോകത്തിന്റെ അതിർത്തികൾവരെ ദൈവവചനമെത്തിക്കാൻ പോയി.



# അപ്പസ്തോല പ്രവർത്തനങ്ങൾ

- പുതിയ നിയമഗ്രന്ഥത്തിലെ അഞ്ചാമത്തെ പുസ്തകമാണ് അപ്പസ്തോല പ്രവർത്തനങ്ങൾ. പരിശുദ്ധാത്മാവിന്റെ ആവാസത്താലെ ശക്തരായ ശിഷ്യസമൂഹവും ആദിമസഭയും എപ്രകാരമാണ് ജീവിതസാക്ഷ്യം നൽകിയതെന്ന് ഈ ഗ്രന്ഥം വിവരിക്കുന്നു. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് നാമിതിൽ കാണുക. അതിനാൽ പരിശുദ്ധാത്മാവിന്റെ സുവിശേഷമെന്നും ഈ പുസ്തകം അറിയപ്പെടുന്നു.



## ലേഖനങ്ങൾ

പുതിയ നിയമത്തിൽ തുടർച്ചയായി 21 ലേഖനങ്ങൾ രൂപപ്പെട്ടു. അതിൽ 14 ലേഖനങ്ങൾ പൗലോസിന്റെ പേരിൽ അറിയപ്പെടുന്നു.

ഏഴു ലേഖനങ്ങൾ കാതോലിക ലേഖനങ്ങൾ എന്നറിയപ്പെടുന്നു.

# ഓരോ ക്രൈസ്തവനും പ്രേഷിതൻ

- മനുഷ്യന്റെ നിത്യരക്ഷയാണ് സുവിശേഷ സന്ദേശത്തിന്റെ ലക്ഷ്യം.
- ലോകത്തിന്റെ അതിർത്തികൾവരെ സുവിശേഷമെത്തിക്കാനുള്ള ദൗത്യം ഇനിയും പൂർണ്ണമായിട്ടില്ല.



# നമുക്കു പ്രാർത്ഥിക്കാം

സുവിശേഷം പ്രഘോഷിക്കുവാൻ ശ്ലീഹന്മാരെ നിയോഗിക്കുകയും അവരോടുകൂടെ എന്നുമുണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്ത മിശിഹായേ, നിന്റെ സാക്ഷികളായി ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ.

## നമുക്കു പാടാം

രക്ഷകനാർന്നൊരുയിർപ്പിന്റെ
സാക്ഷികളാം തൻ ശ്ലീഹന്മാർ
റൂഹാതൻ ബലമുൾക്കൊു
ഭീതിവെടിഞ്ഞു കരുത്തോടെ
തിരുവുത്ഥാനത്തിൻ ചരിതം
പാരിടമെല്ലാമറിയിച്ചു.



# ദൈവവചനം വായിക്കാം

# വിവരിക്കാം

(ലൂക്കാ. 24:50-53)



# വഴികാട്ടാൻ ഒരു തിരുവചനം

““നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കുവിൻ”
(മർക്കോ.16:15).

# എന്റെ തീരുമാനം

**അവസരം കിട്ടുമ്പോഴെല്ലാം ഞാൻ ഈശോയെക്കുറിച്ച് സംസാരിക്കും.**

Thank you